**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1207** **30.09.2016 ൽ മറുപടിയ്ക്ക്**

**ഹെൽമറ്റിന്റെ ഉപയോഗം**

| ചോദ്യം<br>ശ്രീ.പി.കെ.അബ്ദുറബ്ബ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഇരുചക്ര വാഹന യാത്രക്കാർ ഹെൽമറ്റ് ധരിച്ചിരിക്കെ അപകടമുണ്ടായാൽ ജീവഹാനി ഒഴിവാക്കാനാകുമെന്ന വസ്തുത ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ടോ; | (എ) | ഇതു സംബന്ധിച്ചുള്ള പഠന റിപ്പോർട്ടുകൾ മോട്ടോർ വാഹന വകുപ്പിന്റെ പക്കൽ സൂക്ഷിച്ചിട്ടില്ലെങ്കിലും, ഹെൽമെറ്റ് ധരിച്ചാൽ തലയ്ക്ക് പറ്റുന്ന ക്ഷതത്തിൽ നിന്ന് രക്ഷപ്പെടുന്നതിന് സാദ്ധ്യമാണ്. |
| (ബി) | സംസ്ഥാനത്ത് 2015-ൽ സംഭവിച്ച ഇരുചക്ര വാഹന അപകട മരണങ്ങളിൽ എത്രയെണ്ണത്തിൽ യാത്രക്കാർ ഹെൽമറ്റ് ധരിച്ചിരുന്നുവെന്നും എത്രയെണ്ണത്തിൽ ധരിച്ചിട്ടുണ്ടായിരുന്നില്ല എന്നും സംബന്ധിച്ച വിശദമായ കണക്ക് ലഭ്യമാക്കുമോ; | (ബി) | ഇത്തരത്തിൽ ഒരു കണക്ക് ഗതാഗത വകുപ്പ് സൂക്ഷിച്ചിട്ടില്ല. |
| (സി) | ഹെൽമറ്റ് ധരിച്ചിരുന്നിട്ടും അപകടത്തിൽ മരണം സംഭവിക്കുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; | (സി) | ഇതു സംബന്ധിച്ചുള്ള പഠന റിപ്പോർട്ടുകൾ മോട്ടോർ വാഹന വകുപ്പിന്റെ പക്കൽ ലഭ്യമല്ല. |
| (ഡി) | ഹെൽമറ്റില്ലാതെ യാത്ര ചെയ്യുന്നവരെ ശിക്ഷിക്കുന്ന രീതിക്കു പകരം ഹെൽമറ്റില്ലാ യാത്രയ്ക്കെതിരെ ബോധവൽക്കരണം എന്ന നയം പരിഗണിക്കുമോ? | (ഡി) | നിയമത്തിൽ അനുശാസിയ്ക്കുന്ന ശിക്ഷാ നടപടികൾ ഒഴിവാക്കാൻ സർക്കാരിനു അധികാരമില്ല. ഹെൽമെറ്റ് നിർബന്ധമാക്കുന്നതിനുള്ള ബോധവൽക്കരണം മോട്ടോർ വാഹന വകുപ്പ് നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ